**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 799** **30-01-2024 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ സഹകരണ ബാങ്ക് വായ്പ ലഭ്യമാക്കാൻ നടത്തിയ ഇടപെടലിന്മേൽ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. എം. വിൻസെന്റ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | കരുവന്നൂർ സഹകരണ ബാങ്കിൽ നിന്നും അനധികൃതമായി വായ്പ ലഭ്യമാക്കാൻ സംസ്ഥാനത്തെ മന്ത്രി അടക്കം ഇടപെട്ടു എന്ന് ഇ.ഡി.ക്ക് മൊഴി ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത കേസിൽ മന്ത്രിക്കെതിരെയുള്ള മൊഴിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സഹകരണ വകുപ്പ് അന്വേഷണം നടത്തുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേടുകൾ സംബന്ധിച്ച് സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ, ടി ബാങ്ക് ജീവനക്കാർ, ഭരണസമിതി അംഗങ്ങൾ എന്നിവർക്ക് എതിരെയാണ് സഹകരണ നിയമം അനുസരിച്ച് വകുപ്പ് അന്വേഷണം നടത്തിയിട്ടുള്ളത്. |
| (സി) | കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ് കേസിൽ സഹകരണ വകുപ്പ് നടത്തുന്ന അന്വേഷണത്തിന്റെ പുരോഗതി വിശദമാക്കാമോ? | (സി) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്ക് തട്ടിപ്പ് സംബന്ധിച്ച് സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) -ന്റെ 31-08-2019 തീയതിയിലെ സി. ആർ. പി. 381/19 നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതും അന്വേഷണം പൂർത്തിയാക്കി 19/10/2020 - ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾ നടന്നുവെന്ന് ബോദ്ധ്യപ്പെട്ടതിനാൽ ബാങ്ക് ഭരണസമിതിയെ തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) -ന്റെ 22-07-2021 തീയതിയിലെ JRGTSR/5721/2020-CRP1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സഹകരണ നിയമം വകുപ്പ് 32 (1) പ്രകാരം തൽസ്ഥാനത്തു നിന്നു നീക്കം ചെയ്ത് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ക്രമക്കേടുകളുടെ ഭാഗമായി ബാങ്കിന് വന്നിട്ടുള്ള നഷ്ടം ഈടാക്കുന്നതിന് തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ(ജനറൽ)-ന്റെ 06-07-2021 തീയതിയിലെ |

| | | | |
|---|---|---|---|
| | | | JRGTSR/5721/2020-CRP1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ സഹകരണനിയമം വകുപ്പ് 68 (1) പ്രകാരം അന്വേഷണം നടത്തുന്നതിന് ഉത്തരവിടുകയും അന്വേഷണം പൂർത്തിയാക്കി 30-09-2021-ൽ റിപ്പോർട്ട് സമർപ്പിച്ചുള്ളതുമാണ്. നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) -ന്റെ 29-12-2022 തീയതിയിലെ JRGTSR/5721/2020-CRP1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ വകുപ്പ് 68 (2) പ്രകാരം സർച്ചാർജ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത ഉത്തരവിനെതിരെ ബന്ധപ്പെട്ട കക്ഷികൾ സർക്കാരിലേക്ക് അപ്പീൽ സമർപ്പിക്കുകയും ആയതിൽ ഹിയറിംഗ് നടപടികൾ പൂർത്തിയായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ